(ഡി) മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ എന്ന നിലയ്ക്കുമാത്രം പാസ്പോർട്ടപേക്ഷ സർട്ടിഫൈ ചെയ്യാൻ അധികാരമില്ല. എന്നാൽ പ്രൈവറ്റ് സെക്രട്ടറി ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനാണെങ്കിൽ സർട്ടിഫൈ ചെയ്യാവുന്നതാണ്.

(ഇ) ഇല്ല.

ശ്രീ. ജി.പി. മംഗലത്തുമഠം: എം.എൽ.എ. മാർക്കു പാസ്പോർട്ട് അപേക്ഷകരെ ഒപ്പിടാനുള്ള അധികാരമുണ്ട്. ജനപ്രതിനിധികളെന്ന നിലയിൽ പലരും കൊണ്ടുവരുമ്പോൾ ഒപ്പിടാതിരിക്കുവാൻ ഞങ്ങൾക്കു നിവൃത്തിയില്ല. അതുകൊണ്ടുള്ള വൈഷമ്യങ്ങൾ അനുഭവിക്കേണ്ടിവരുന്നുമുണ്ട്. അതുകൊണ്ട് എം.എൽ.എ. മാരെ ഒഴിവാക്കാൻ മാർഗ്ഗമുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: എം.എൽ.എ. മാർ ഒപ്പിട്ടു കൊടുക്കണമെന്നു ഒരു നിർബന്ധവുമില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: കഴിഞ്ഞദിവസം ഇതുപോലെയുള്ള ഒരു ചോദ്യത്തിനു ഞാൻ ഒരു ഉപചോദ്യം ചോദിച്ചു. ഇന്നു പാസ്പോർട്ടു കിട്ടിയാലും വെളിയിലേക്കു പോകാൻ ഒരു സർട്ടിഫിക്കറ്റ് എമിഗ്രേഷൻ ഓഫീസിൽനിന്നും വേണം. മൂവായിരം രൂപ കെട്ടിവച്ചാൽ മാത്രമേ അതു കൊടുക്കുകയുള്ളു. ഇക്കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു മാറ്റാൻ മുൻകൈയെടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എനിക്കു ഇക്കാര്യത്തെ സംബന്ധിച്ച് ഇതേവരെ അന്വേഷിക്കുവാൻ കഴിഞ്ഞിട്ടില്ല. ഉടൻ തന്നെ അന്വേഷിക്കാം. അങ്ങനെയാണെങ്കിൽ നമ്മെക്കൊണ്ടു ആകാവുന്നതു ഇക്കാര്യത്തിൽ ചെയ്യാം.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: പാസ്പോർട്ട് അപേക്ഷകളിൽ ഫൈനാൻഷ്യൽ സ്റ്ററബിലിറ്റി ഒപ്പിടുന്ന ഒരു കാര്യമുണ്ട്. അതു ബുദ്ധിമുട്ടുള്ളതാണ്. അതിനെ സംബന്ധിച്ച് ഒരു എൻക്വയറി നടത്താനുള്ള മാർഗ്ഗം എം.എൽ.എ.മാർ ഒപ്പിട്ടാലും സ്വീകരിക്കുന്നതു നന്നായിരിക്കും. എം.എൽ.എ. മാർ ഒപ്പിടുന്നതു നിർത്തിയാലും തരക്കേടില്ല.

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇക്കാര്യത്തിൽ ഈ ഗവൺമെന്റിനു ഒന്നും ചെയ്യാനില്ലെന്നു ബഹുമാനപ്പെട്ട മെമ്പർക്കും അറിയാം.

ദിവസ ശമ്പളം ലഭിക്കുന്ന ജീവനക്കാർ

* 827 [895] ശ്രീ. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദ്രഭാനുക്കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റു ജീവനക്കാർക്കും, കണ്ടിൻജൻസി ജീവനക്കാർക്കും പാർട്ടൈം ജീവനക്കാർക്കും ശമ്പളം പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതുപോലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ദിവസ ശമ്പളക്കാരായി ദീർഘകാലം ജോലി ചെയ്തു വരുന്ന ജീവനക്കാരുടെയും ശമ്പളം പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സ്ഥിരം എസ്റ്റാബ്ലിഷ്മെന്റു ജീവനക്കാരുടെ ഒഴിവുകളിൽ നിരവധി വർഷങ്ങളായി ദിവസശമ്പളക്കാരായി ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) കൃഷിവകുപ്പിന്റെ കീഴിലും പൊതുമരാമത്തുവകുപ്പിന്റെ കീഴിലുമാണ് ദിവസശമ്പളക്കാരുള്ളത്. ഇതിൽ കൃഷിവകുപ്പിന്റെ കീഴിലുള്ള ദിവസശമ്പളക്കാരുടെ വേതന പരിഷ്ക്കരണത്തിന് ഗവൺമെന്റു ഒരു കമ്മിറ്റിയെ നിയോഗിക്കുകയും അവർ റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൻമേൽ ഉടൻതന്നെ ഉത്തരവു പുറപ്പെടുവിക്കുന്നതാണ്. പൊതു മരാമത്തു വകുപ്പിലെ ദിവസ ശമ്പളക്കാരുടെ വേതനം 1.9.1978 ലാണ് പരിഷ്കരിച്ചത്. ഇതു രണ്ടുകൊല്ലക്കാലത്തേയ്ക്കു പ്രാബല്യത്തിലിരിക്കുന്നതാണ്.

(ബി) മേൽപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) സ്ഥിരം എസ്റ്റാബ്ലിഷ്മെന്റിൽ വരുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നത് പി.എസ്.സി.യാണ്. അതുകൊണ്ട് ആ ഒഴിവുകളിൽ ദിവസശമ്പളക്കാരെ സ്ഥിരപ്പെടുത്തുവാൻ സാദ്ധ്യമല്ല.

ശ്രീ. എസ്. ത്യാഗരാജൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കൃഷിവകുപ്പിലും പൊതുമരാമത്തുവകുപ്പിലും ആണ് ദിവസശമ്പളക്കാർ എന്നാണ്. രണ്ടുദിവസങ്ങൾക്കുമുൻപു ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തർമന്ത്രി പറഞ്ഞു ജയിൽ ഡിപ്പാർട്ടുമെന്റിലും തുറമുഖ ഡിപ്പാർട്ടുമെന്റിലും ദിവസശമ്പളക്കാരായ ആളുകളുണ്ടെന്ന്. അതുപോലെ മറേതെങ്കിലും ഡിപ്പാർട്ടുമെന്റുകളിൽ ഉള്ള ദിവസശമ്പളക്കാർക്കും കൂടി ഈ ശമ്പളപരിഷ്കരണം നടപ്പാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: സർ, ഞാൻ ഈ പറഞ്ഞ കാറ്റഗറിയും മറേതും തമ്മിൽ വ്യത്യാസമുണ്ട്. കാഷ്വൽ ജോലിക്കാരുടെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞത്. ഇതു സ്ഥിരമായി ദിവസക്കൂലിയുടെ അടിസ്ഥാനത്തിൽ ജോലിയുള്ളവരാണ്. ഇതുരണ്ടും ഒരുപോലെ കണക്കാക്കാൻ സാദ്ധ്യമല്ല.

ശ്രീ. എം. വി. രാഘവൻ: പാർട്ട് ടൈം കണ്ടിന്റിജന്റ് ജീവനക്കാരുടെ സമരത്തെത്തുടർന്നു അവരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് മുഖ്യമന്ത്രി ഉറപ്പു നൽകിയിട്ടുള്ളത് നടപ്പിൽവന്നിട്ടുണ്ടോ; അതെപ്പോഴാണ് നടപ്പിലാകുക?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെസംബന്ധിച്ച് ഗവൺമെന്റു ഓർഡർ ഇഷ്യൂ ചെയ്തിട്ടില്ല. ഉടൻതന്നെ ഇഷ്യൂ ചെയ്യുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കാഷ്വൽ വർക്കേഴ്സും മറ്റു തരത്തിലുള്ള ജോലിക്കാരും വളരെ വർഷങ്ങളായി ജോലി ചെയ്യുന്നവരാണ്. ഗവൺമെന്റു തീരുമാനമെടുക്കാത്തതുകൊണ്ട് സ്ഥിരപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്താത്തതാണ്. പല സ്ഥാപനങ്ങളിലും റെഗുലറൈസ് ചെയ്തിട്ടുണ്ട്. കുറേക്കാലമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ദിവസക്കൂലിക്കാരായവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഈ പ്രശ്നം പല പ്പോഴും ഗവൺമെന്റ് ആലോചിച്ചിട്ടുള്ളതാണ്. സ്ഥിരപ്പെടുത്താൻ കഴിയുകയില്ലെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിനു ബുദ്ധിമുട്ടുണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഡയറിഫാമുകളിലെ ദിവസക്കൂലിക്കാരായ ആളുകളെ പിരിച്ചു വിടുന്നുണ്ട്. ജോലിസ്ഥിരതയെ സംബന്ധിച്ച് ചില വ്യവസ്ഥകളും യൂണിയനുകളും ഡിപ്പാർട്ടുമെന്റുമായി ഉണ്ടായിട്ടും അവർക്കു ജോലി ലഭിക്കുന്നില്ല. പല ഡയറി ഫാമുകളുടെയും പ്രവർത്തനം കാര്യക്ഷമമായി നടത്താൻ ഗവൺമെന്റ് തയ്യാറായാൽ ഈ ആളുകൾക്കു തൊഴിൽ കൊടുക്കാൻ കഴിയും; സ്ഥിരം ജോലിക്കാരായി അംഗീകരിക്കുവാൻ കഴിയും. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ഇത് പരിശോധിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതുതന്നെയാണ് ഇതിന്റെ പ്രശ്നം. എല്ലാ ദിവസവും സ്ഥിരമായി ജോലിയുണ്ടായി എന്നു വരികയില്ല. അതുകൊണ്ട് അവരും ഡിപ്പാർട്ടുമെന്റുമായി ഉണ്ടാക്കുന്ന കരാറുകൾ നടപ്പിലാക്കുന്നില്ലെന്നു പരാതിയുണ്ട്. ഞങ്ങൾക്കും ചിലപ്പോൾ പരാതി കിട്ടാറുണ്ട്. ആ പരാതികൾ അപ്പപ്പോൾ പരിശോധിക്കാറുണ്ട്. കൂടുതൽ നിഷ്കർഷതയോടുകൂടി അതു നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

* 828 [896] ശ്രീ. കല്ലട നാരായണൻ:

,, കെ. പി. നൂറുദ്ദീൻ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, എൻ. പി. മൊയ്തീൻ:

,, സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നത്തെ സെക്രട്ടേറിയറ്റ് മാനുവൽ പരിഷ്കരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇന്നു നിലവിലുള്ള സെക്രട്ടേറിയറ്റ് മാനുവലിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തി ആധുനീകരിക്കുന്നതിന് സത്വര നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly